കണ്ണൂർ ജില്ലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

61 (726) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് വിദൂര ഗ്രാമീണ മേഖലാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തെ വിദൂര ഗ്രാമീണമേഖലാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ഊരത്തൂർ പ്രാഥമികാരോഗ്യകേന്ദ്രം വിദൂര ഗ്രാമീണ മേഖലാ പട്ടികയിൽനിന്നും ഒഴിവാക്കിയതു പുനർപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിവേദനപ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ ജി.ഒ. (എംഎസ്.) നമ്പർ 55/2014/എച്ച് & എഫ്.ഡബ്ല്യു.ഡി. തീയതി 11-2-2014 എന്ന ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ താഴെ പറയുന്ന ആരോഗ്യകേന്ദ്രങ്ങളെ വിദൂര ഗ്രാമീണ മേഖലാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പി.എച്ച്.സി., അങ്ങാടിക്കടവ്
2. പി.എച്ച്.സി., പെരുവ
3. ജി.ആർ.ഡി., മലപ്പട്ടം
4. പി.എച്ച്.സി., കാരിക്കോട്ടക്കരി (എസ്.സി.പി.)
5. പി.എച്ച്.സി., കുടിയാൻമല
6. പി.എച്ച്.സി., ആലക്കോട് - മണക്കടവ്
7. പി.എച്ച്.സി. പേരാവൂർ (ടൈബൽ മൊബൈൽ യൂണിറ്റ്)
8. ടൈബൽ മൊബൈൽ യൂണിറ്റ്, ആറളം
9. പി.എച്ച്.സി., പുളിങ്ങോം

(ബി) പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ ദുർഘടത, കുടിവെള്ളം, വൈദ്യുതി, വാർത്താവിനിമയം, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത/അപ്രാപ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ദുർഘട ഗ്രാമീണ മേഖലയിൽ ഉൾപ്പെടുത്തുന്നത്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസ്തുത അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly